DESPATCHED
On...13/8/21.

6/8/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.569(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5653/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഓഗസ്റ്റ് 6**

ശ്രീ. റ്റി.വി. ഉദയരാജ്,
രാജശ്രീ,
മുണ്ടക്കണ്ണി, മണ്ണാർക്കാട് പി.ഒ.,
പാലക്കാട്.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & എസ്.എച്ച്.ഒ., മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ, പാലക്കാട്.
2. അപ്പീൽ അധികാരി & ഡി.വൈ.എസ്.പി., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം, മണ്ണാർക്കാട് സബ് ഡിവിഷൻ, പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30/12/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 03/05/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/7/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/08/2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി.വി. ഉദയരാജ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 30.12.2020 തീയതി മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ നിന്നും ഏതാനും രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടി അപേക്ഷയിൽ 2–ാം നമ്പറായി

വിവരിച്ചിട്ടുള്ള പന്ത്രണ്ടോളം പരാതികളുടെ കോപ്പികൾ ഒന്നും എസ്.എച്ച്.ഒ.യിൽ നിന്നും ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 23.02.2021 തീയതി അപ്പീൽ നൽകിയിരുന്നു എന്നും തുടർന്ന് 26.3.2021 തീയതി ഒന്നാം അപ്പീൽ അധികാരിയിൽ നിന്നും ലഭിച്ച രജിസ്റ്റേർഡ് തപാലിൽ രണ്ട് പരാതികളുടെ കോപ്പികൾ മാത്രമാണ് കിട്ടിയിരുന്നതെന്നും ബാക്കി പരാതികളുടെ കോപ്പികൾ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ സ്റ്റേഷൻ രേഖകൾ ഒന്നു കൂടി പരിശോധിക്കുവാനും താനാവശ്യപ്പെട്ടിട്ടുള്ള ബാക്കി പരാതികളുടെ സർട്ടിഫൈഡ് കോപ്പികൾ ലഭിക്കുവാനുള്ള ഉത്തരവുകൾ ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചത്, ഹർജിക്കാരനുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന രേഖകളുടെ പകർപ്പുകൾ നൽകണമെന്നാണ്:

i. 2020 ജൂൺ മാസം 6-ാം തീയതി വൈകുന്നേരം മണ്ണാർക്കാട് പോലീസ് ഇൻസ്പെക്ടർ മുമ്പാകെ വാഴേക്കാട്ട് കുടുംബത്തിലെ ശ്രീ. നാരായണൻ, ശ്രീ.സുന്ദരൻ മുതലായവർ ഹർജിക്കാരനെതിരെ നൽകിയ മാസ് പെറ്റീഷന്റെ കോപ്പി നൽകണമെന്നും

ii. മേൽപ്പറഞ്ഞ മാസ് പെറ്റീഷൻ കൊണ്ട് കേസ്സെടുപ്പിക്കാൻ പറ്റില്ലെന്ന് വന്നപ്പോൾ വാഴേക്കാട്ട് കുടുംബത്തിലെ സ്ത്രീകളെ ടിയാനും മകനും ശാരീരികമായും മറ്റും പീഡിപ്പിച്ചു എന്ന് പറഞ്ഞ് ഒരു ഡസ്സനോളം പരാതികൾ ഇവർ മണ്ണാർക്കാട് പോലീസിൽ നൽകിയിട്ടുണ്ടെന്നും മാസ്സ് പെറ്റീഷൻ നൽകിയ 6.6.2020 തീയതിക്കും 9.6.2020 തീയതിക്കും ഇടയിലാണ് ടി പരാതികൾ നൽകിയിട്ടുള്ളതെന്നും ആയതിൽ ശ്രീമതി രാധ എന്ന സ്ത്രീയുടേതടക്കമുള്ള എല്ലാ പരാതികളുടെയും കോപ്പികൾ നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയെ തുടർന്ന് ഒന്നാം എതിർകക്ഷി തീയതി വെക്കാതെയുള്ള ഒരു മറുപടി നൽകിയിട്ടുള്ളതും ആയത് തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും കിട്ടിയിട്ടില്ലെന്നും, ലഭിച്ച രേഖകളിൽ ഓഫീസ് സീൽ പതിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ തന്റെ അപേക്ഷയിലെ 2-ാം നമ്പറായി ആവശ്യപ്പെട്ട രേഖകൾ സാക്ഷ്യപ്പെടുത്തി സീൽ ചെയ്ത്

ലഭ്യമാക്കണമെന്നാണ്. ആയതിന് 22.3.2021-ന് രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 1-ാം നമ്പറായി അപേക്ഷകന്റെ അയൽവാസികളായ വാഴേക്കാട് കുടുംബത്തിലെ നാരായണൻ, സുന്ദരൻ മുതലായവർ നൽകിയ മാസ്സ് പെറ്റീഷന്റെ പകർപ്പും 2-ാം നമ്പറായി വാഴേക്കാട് കുടുംബത്തിലെ സ്ത്രീകൾ അപേക്ഷകനും മകനുമെതിരെ മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ 6.6.2020 തീയതിക്കും 9.6.2020 തീയതിക്കും ഇടയിൽ നൽകിയ പരാതികളുടെ പകർപ്പ് ആവശ്യപ്പെട്ട് മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 30.12.2020 തീയതി നൽകിയ അപേക്ഷ പ്രകാരം മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 14.1.2021 തീയതി തപാൽ വഴി അയച്ചു കൊടുത്തിട്ടുള്ളതും എന്നാൽ ലഭിച്ച മറുപടിയിൽ മാസ് പെറ്റീഷന്റെ പകർപ്പു മാത്രമാണ് ലഭിച്ചതെന്നും അവശ്യപ്പെട്ടതായ മറ്റു പരാതികളുടെ പകർപ്പുകൾ ലഭിച്ചിട്ടില്ല എന്നാരോപിച്ചു കൊണ്ട് ഒന്നാം അപ്പീൽ അപേക്ഷ നൽകിയെന്നും ആയതുപ്രകാരം സ്റ്റേഷൻ രേഖകൾ പരിശോധിച്ച് ശ്രീമതി സത്യഭാമ വി., ശ്രീമതി വിജയകുമാരി, എന്നിവർ അപേക്ഷകനെതിരെ നൽകിയ പരാതികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ 22.3.2021 തീയതി ഹർജിക്കാരന് തപാൽ മാർഗം അയച്ചു കൊടുത്തിട്ടുള്ളതാണെന്നും കമ്മീഷനിൽ സമർപ്പിച്ച അപേക്ഷയിൽ പറയും പ്രകാരം ശ്രീമതി രാധ, വിജയലക്ഷ്മി, സ്മിത, ബിന്ദു, ശരണ്യ, പാഞ്ചാലി എന്നിവർ അപേക്ഷകനെതിരെ പരാതി നൽകിയതായി മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും ആ സമയം മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ജോലി നോക്കിയിരുന്ന എസ്.ഐ. ശ്രീ. രവീന്ദ്രനോട് അന്വേഷിച്ചതിൽ അദ്ദേഹം മേൽ വ്യക്തികൾ അപേക്ഷകനെതിരെ നൽകിയതായി പറയുന്ന പരാതികൾ സ്വീകരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്തിട്ടില്ലാത്തതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയതായി കാണുന്നു. എന്നാൽ ആവശ്യപ്പെട്ട എല്ലാ രേഖകളും ടിയാന് ലഭിച്ചിട്ടില്ലെന്ന് കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ചെയ്തു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമപ്രകാരം മറുപടി നൽകുമ്പോൾ തീയതി, എസ്.പി.ഐ.ഒ.യുടെ പേര്, അപ്പീൽ കാലാവധി, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തി വേണം മറുപടി നൽകേണ്ടത് എന്നും ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഒന്നാം എതിർകക്ഷിയെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 6-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM